ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ 65 വാഹനങ്ങൾ ഉണ്ട്.

(ബി)

1.	മോട്ടോർ സൈക്കിൾ	23
2.	അംബാസിഡർ കാർ	15
3.	റ്റാറ്റാ സുമോ	14
4.	ടെമ്പോ ട്രാക്സ്	5
5.	സർഗമാ	3
6.	ജീപ്പ്	2
7.	മാരുതി വാൻ	1
8.	മാരുതി കാർ	1
9.	ചരക്ക് വാഹനം (സ്വരാജ് മസ്ത)	1
	ആകെ	65

(സി) ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, സെക്രട്ടറി, എസ്.റ്റി.എ., സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, (ടാക്സ്), സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർമാർ മുതലായവരാണ് ഇവ ഉപയോഗിക്കുന്നത്.

(ഡി) ഇരുപത് ഡ്രൈവർമാർ.

(ഇ) ഇരുപത്തി രണ്ട് വാഹനങ്ങൾ.

(എഫ്) ഏഴ്.

(ജി) ഫണ്ടിന്റെ അപര്യാപ്തത കാരണം യഥാസമയം റിപ്പയർ നടത്തുവാൻ സാധിക്കുന്നില്ല.

(എച്ച്) ഇല്ല.

(ഐ) ബാധകമല്ല.

ചാലക്കുടി ആസ്ഥാനമാക്കി സബ് ജോയിന്റ് ആർ.ടി.ഒ. ആഫീസ് തുടങ്ങുന്നതിന് നടപടികൾ

106 (2819) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ മുകുന്ദപുരം താലൂക്കിൽ സ്ഥിതിചെയ്യുന്ന ജോയിന്റ് ആർ.ടി. ആഫീസിലെ ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി ചാലക്കുടി ആസ്ഥാനമായി ഒരു സബ് ജോയിന്റ് ആർ.ടി.ഓഫീസ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയതിന് ഈ സാമ്പത്തിക വർഷത്തിൽ തുക വകകൊള്ളിക്കുമോ ;

(സി) ഈ ഓഫീസ് എന്നു മുതൽ പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് വെളിച്ചപ്പെടുത്തുമോ ?

ഉത്തരം

(എ) പുതിയ ഓഫീസുകൾ തുടങ്ങുന്നതും തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എൻഫോഴ്സ്മെന്റ് സ്കാഡ്

107 (2820) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി 15-ലെ ജി.ഒ. (എം.എസ്) 26/പി.ഡബ്ല്യൂ. (ട്രാൻസ്പോർട്ട്-സി) പ്രകാരം വാഹന വകുപ്പിന്റെ കീഴിൽ രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്കാഡ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രവർത്തനമില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ സ്കാഡ് പ്രവർത്തിക്കാത്തത് ടെക്നിക്കൽ സ്റ്റാഫിന്റെ കുറവു മൂലമാണെങ്കിൽ ആ കുറവ് നികത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഡി) മോട്ടോർ വാഹന നികുതി ഇനത്തിൽ 1999-2000 വർഷത്തേയ്ക്ക് ലക്ഷ്യമിട്ടിരിക്കുന്ന 431 കോടി രൂപയും കേന്ദ്രമോട്ടോർ വെഹിക്കിൾ റൂൾ ഭേദഗതി അനുസരിച്ച് കിട്ടേണ്ടതായ അധിക നികുതിയും ഈ വർഷം സമാഹരിക്കുവാൻ സാധിക്കുമോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) പ്രസ്തുത നികുതികൾ പിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) സമാഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly